**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നെല്ലുൽപ്പാദന കേന്ദ്രമായ കുറ്റ്യാടിയിൽ എത്ര വിസ്തൃതിയുള്ള കൃഷി സ്ഥലം നെൽകൃഷിക്ക് അനുയോജ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട നെല്ലുല്പാദക കേന്ദ്രമായ കുറ്റ്യാടിയിൽ 885 ഹെക്ടർ വിസ്തൃതിയിൽ കൃഷിസ്ഥലം നെൽകൃഷിക്ക് അനുയോജ്യമായിട്ടുണ്ട്. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിലെ തരിശ് ആയി കിടക്കുന്ന സ്ഥലങ്ങളെ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കുറ്റ്യാടി മണ്ഡലത്തിലെ തരിശ് ആയി കിടക്കുന്ന സ്ഥലങ്ങളെ നെൽകൃഷിക്ക് ഉപയുക്ത മാക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു: 1. പുറമേരി പഞ്ചായത്തിലെ ജലനിർഗ്ഗമന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി 200 മീറ്റർ ജലസേചന കനാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കു ന്നതിനും ആയത് നടപ്പിലായാൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് പെരുമുണ്ടശ്ശേരി പാടശേഖരത്തിൽ 5 ഹെക്ടർ തരിശ് നിലത്ത് നെൽകൃഷി നടപ്പിലാക്കുന്നതിനും സാധിക്കുന്നതാണ്. 2. വേളം പഞ്ചായത്ത് : 2021-22 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെ ടുത്തി 100 ഹെക്ടർ തരിശ് നിലത്ത് കൃഷിയിറക്കുന്നുണ്ട്. കൂടാതെ സുഭിക്ഷകേരളം പദ്ധതി പ്രകാരം 6 ഹെക്ടർ സ്ഥലത്ത് 2,40,000/- (രണ്ടു ലക്ഷത്തി നാൽപ്പതിനായിരം രൂപ) വകയിരുത്തി തരിശ് നെൽകൃഷി നടപ്പിലാക്കി വരുന്നു. 3. അട്ടശല്യം രൂക്ഷമായ പാവുള്ളാട്ട്, ചെറിയാണ്ടി, കുന്നുമ്മൽ, പെരുവയൽ എന്നീ പാടശേഖരങ്ങളിൽ ഉൾപ്പെട്ട 90 ഹെക്ടർ സ്ഥലത്തെ അട്ടശല്യം പ്രതിരോധിക്കുന്നതിന് കുമ്മായം, തുരിശ് എന്നിവ വിതരണം ചെയ്യുന്നതിന് 9 ലക്ഷം രൂപ Contingency programme to meet natural calamities and pest and disease endemic പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ 100 ഹെക്ടർ നിലം കൃഷി യോഗ്യമാക്കുന്നതിന് സാധിക്കുന്നതാണ്. 4. മണിയൂർ പഞ്ചായത്ത് : ചെരണ്ടത്തൂർ ചിറയിൽ പൂളക്കടവ് |

| | | | |
|---|---|---|---|
| | | | മുതൽ വടക്ക് 600 മീറ്റർ നീളത്തിൽ നടുതോടിന്റെ നിർമ്മാണപ്രവർത്തിപൂർത്തീകരിക്കുന്നതിലൂടെ 60 ഹെക്ടർ തരിശ് ഭൂമി കൃഷി യോഗ്യമാക്കാൻ സാധിക്കുന്നതാണ്. 5. ആയഞ്ചേരി പഞ്ചായത്ത്: തുലാറ്റ് നടത്തോട് പുനരുദ്ധരിക്കുകയും ജല ക്രമീകരണത്തിനായി വി.സി.ബി.കളും കൈതോട്ടുകളും നിർമ്മിച്ച് പാടശേഖര ങ്ങളിൽ ജലലഭ്യത ഉറപ്പ വരുത്തിയാൽ 80ഹെക്ടർ തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിന് സാധിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ